## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.അപർണ്ണ സുരേഷ് ,PEN:945886 അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.Letter No.A1-2852/24 DMOH Ernakulam Dated:21.10.2024

2.കാരണം കാണിക്കൽ നോട്ടീസ് നം DHS/24614/2024-EA3 Dated :12.12.2025

3.ഡോ.അപർണ സുരേഷ് സമർപ്പിച്ച അപേക്ഷ തീയതി 24.12.2025

## ഉത്തരവ് നം.DHS/24614/2024-EA3 തീയതി.07-06-2026

(1)ഡോ.അപർണ്ണ സുരേഷ് ,PEN:945886 അസിസ്റ്റന്റ് സർജൻ തസ്തികയിൽ 09.01.2023 ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ച വ്യക്തിയാണ്. എറണാകുളം പിറവം താലൂക്ക് ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ 11.03.2024 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (2) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തു.

(2)പ്രസ്തുത നോട്ടീസിന് പരാമർശം (3) പ്രകാരം ടിയാൾ മറുപടി സമർ പ്പിച്ചു. രണ്ടു വർഷത്തെ ശൂന്യവേതനാവധി അപേക്ഷിച്ചിരുന്നതായും ,ലീവ് അവസാനിക്കുന്ന തീയതിയായ 10.03.2026 നു ശേഷം സേവനത്തിൽ

പ്രവേശിക്കുവാൻ താല്പര്യം ഉണ്ട് എന്ന് അറിയിച്ചിട്ടുണ്ട് .ഡോ.അപർണ്ണ സുരേഷ് ന്റെ മറുപടി വിശദമായി പരിശോധിച്ചു.ഡോ.അപർണ്ണ സുരേഷ് **11.03.2024** മുതൽ **11.03.2025** വരെ ഒരു വർഷത്തേക്ക് സമർപ്പിച്ച ശൂന്യവേതനാവധി വ്യക്തമായ കാരണം ഇല്ലാത്തതിനാൽ നിരസിച്ചതായി എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.അവധി അനുവദിച്ചു ലഭിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിന്നത് ടിയാളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

**(3)**ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

**(4)** ടി സാഹചര്യത്തിൽ **11.03.2024** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.അപർണ്ണ സുരേഷ്, അസിസ്റ്റന്റ് സർജന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(5).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.അപർണ്ണ സുരേഷ്, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 07-06-2026
20:49:28

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്,

Dr.Aparna Suresh
Krishnakripa
Thiruvonam Nagar
Cochin University P.O
Ernakulam

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),എറണാകുളം
3. സൂപ്രണ്ട് താലൂക്ക് ആശുപത്രി പിറവം എറണാകുളം

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ